# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.11 07.08.2017 ൽ മറുപടിയ്ക്ക്

### നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും പൂഴ്ത്തിവെയ്പ്പും തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി) |
| (എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു വരുന്നത് തടയാൻ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് സപ്ലൈകോ വഴി 13 ഇനം അവശ്യസാധനങ്ങളും OMSS (Open Market Sale Scheme) പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവയും സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. കൂടാതെ 28 ഇനം അവശ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിലും മറ്റ് അവശ്യ സാധനങ്ങളും, FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും MRP യേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |
| (ബി) സർക്കാരിന്റെ ഇടപെടൽ മൂലം വില വർദ്ധനവ് തടയാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഉണ്ട്. അവശ്യസാധനങ്ങളുടെ സബ്സിഡി വിൽപ്പനവില വർദ്ധിപ്പിക്കാതെ സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കിക്കൊണ്ടുള്ള വിപണി ഇടപെടലിലൂടെ വിപണിയിലെ വില വർദ്ധനവ് പിടിച്ചു നിർത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, വൻപയർ, തുവര പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി, ആന്ധ്ര ഇതര ജയ അരി, വെളിച്ചെണ്ണ എന്നീ ഇനങ്ങളുടെ സബ്സിഡി വില പൊതുവിപണിയിലെ വിലയേക്കാൾ കുറവാണ്. |
| (സി) ഭക്ഷ്യസാധനങ്ങളുടെ പൂഴ്ത്തിവെയ്പ്പ് തടയാൻ നടപടി സ്വീകരിക്കുമോ? | (സി) ഭക്ഷ്യസാധനങ്ങളുടെ പൂഴ്ത്തിവെയ്പ്പിനെതിരെ 1955 ലെ അവശ്യ സാധന നിയമ പ്രകാരം ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ